"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഒറ്റപ്പാലം നഗരസഭയിലെ പതിനഞ്ചാം വാർഡ് കൗൺസിലർ ശ്രീ.ഗംഗാധരൻ.എസ് ന് ചികിത്സ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2168/2023/LSGD തീയതി,തിരുവനന്തപുരം, 03-11-2023

---

പരാമർശം:- 1. ഒറ്റപ്പാലം നഗരസഭ കൗൺസിലിന്റെ 17/06/2023 ലെ 21-ാം നമ്പർ തീരുമാനം.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.08.2023 ലെ LSGD/PD/50544/2023-EER2 നമ്പർ കത്ത്.

**ഉത്തരവ്**

ഒറ്റപ്പാലം നഗരസഭയിലെ പതിനഞ്ചാം വാർഡ് കൗൺസിലർ ശ്രീ.ഗംഗാധരൻ.എസ് ന് ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് ആൻജിയോ പ്ലാസ്റ്റി ചെയ്യുകയും തുടർ ചികിത്സ നടത്തുകയും ചെയ്തതിന് 1,86,560/-(ഒരു ലക്ഷത്തി എൺപത്തി ആറായിരത്തി അഞ്ഞൂറ്റി അറുപത് രൂപ മാത്രം) രൂപ ചെലവായതായും, ടി തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട രേഖകൾ സഹിതം പ്രിൻസിപ്പൽ ഡയറക്ടർ മുഖേന പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഒറ്റപ്പാലം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും പ്രസ്തുത തുക അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഒറ്റപ്പാലം നഗരസഭ തീരുമാനമെടുത്തിരുന്നു.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ഒറ്റപ്പാലം നഗരസഭയിലെ പതിനഞ്ചാം വാർഡ് കൗൺസിലർ ശ്രീ.ഗംഗാധരൻ.എസ് ന് ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് നടത്തിയ ചികിത്സയ്ക്ക് ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/ വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ ചികിത്സാ സഹായമായി നൽകുന്ന തുക 1,86,560/- രൂപയിൽ അധികരിക്കരുതെന്നും ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ ഒറ്റപ്പാലം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ , പാലക്കാട്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/135/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar.d
Date: 06-11-2023 13:59:54

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.